# പതിമൂന്നാം കേരളനിയമസഭ

# പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം. 514 02.07.2014 ൽ മറുപടിക്ക്

**ഹെൽത്ത് റിസർച്ച് & വെൽഫെയർ സൊസൈറ്റി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ബി. സത്യൻ:<br>ശ്രീ.സി.കെ. സദാശിവൻ:<br>ശ്രീ.പുരുഷൻ കടലുണ്ടി:<br>ശ്രീ.പി.റ്റി.എ. റഹിം: | | ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| (എ) | കേരള ഹെൽത്ത് റിസർച്ച് & വെൽഫെയർ സൊസൈറ്റിയുടെ പ്രവർത്തനം എന്തൊക്കെയാണെന്നറിയിക്കാമോ; സൊസൈറ്റിയുടെ പ്രവർത്തനം വിലയിരുത്താറുണ്ടോ; | (എ) | മെഡിക്കൽ കോളേജുകൾ, ജില്ലാ ആശുപത്രികൾ, താലൂക്ക് ആശുപത്രികൾ മുതലായ സർക്കാർ ആശുപത്രികളിൽ പേവാർഡ് നിർമ്മിച്ച് രോഗികൾക്ക് വാടകക്ക് നൽകുക, മെഡിക്കൽ കോളേജിനോട് അനുബന്ധിച്ച് എ.സി.ആർ.ലാബ്, കാത്ത് ലാബ്, സി.റ്റി.സ്കാൻ, ഗാസ്ട്രോ എന്ററോളജി ലാബ് മുതലായ യൂണിറ്റുകൾ പ്രവർത്തിപ്പിക്കുക, സർക്കാർ കെട്ടിടങ്ങളുടെ നിർമ്മാണം ഏറ്റെടുത്തു നടത്തുക തുടങ്ങിയവയാണ് കേരള ഹെൽത്ത് റിസർച്ച് & വെൽഫെയർ സൊസൈറ്റിയുടെ പ്രവർത്തനം. സൊസൈറ്റിയുടെ പ്രവർത്തനങ്ങൾ വിലയിരുത്താറുണ്ട്. |
| (ബി) | സൊസൈറ്റി നടത്തുന്ന പേവാർഡുകൾ പലതും വേണ്ടത്ര ശുചിത്വമില്ലാത്തതാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കാനായി എന്തെങ്കിലും സഹായമോ നിർദ്ദേശങ്ങളോ നൽകാറുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പേവാർഡുകളുടെ നേരിട്ടുള്ള ചുമതല അതാത് റീജിയണൽ മാനേജർമാർക്കാണ്. പേവാർഡുകൾ ശുചിയായി സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് ആയതിന്റെ പരിഹാരം ഉണ്ടാക്കുന്നതിന് ബന്ധപ്പെട്ട റീജിയണൽ മാനേജർമാർക്ക് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. |
| (സി) | സൊസൈറ്റി നടത്തുന്ന ലബോറട്ടറികളിൽ ആവശ്യത്തിന് ഉപകരണങ്ങൾ ഇല്ലാത്തതുകൊണ്ട് രോഗികൾ സ്വകാര്യ സ്ഥാപനങ്ങളെ ആശ്രയിക്കാൻ നിർബന്ധിതരാകുന്ന കാര്യം മനസ്സിലാക്കിയിട്ടുണ്ടോ; എങ്കിൽ വിപുലീകരണത്തിനായി എന്ത് നിർദ്ദേശമാണുള്ളതെന്ന് അറിയിക്കാമോ? | (സി) | സൊസൈറ്റി നടത്തുന്ന തിരുവനന്തപുരം എ.സി.ആർ.ലാബിൽ ബയോകെമിസ്ട്രി, ഹെമറ്റോളജി, ക്ലിനിക്കൽ പത്തോളജി, ഇമ്മ്യൂണോളജി, വൈറൽ മാർക്കേഴ്സ്, ട്യൂമർ മാർക്കേഴ്സ് എന്നീ വിഭാഗത്തിൽപ്പെട്ട എല്ലാ പരിശോധനകളും കുറഞ്ഞ നിരക്കിലും, സമയത്തും നടത്തുന്നതിനാവശ്യമായ എല്ലാവിധ ഉപകരണങ്ങളും ഉണ്ട്. എല്ലാ പരിശോധനകളും നടത്തി കൃത്യസമയത്തു ഫലങ്ങൾ നൽകി വരുന്നു. ഇപ്പോൾ തൈക്കാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ മൈക്രോബയോളജി വിഭാഗം കൂടി സജ്ജീകരിക്കാനുള്ള നടപടികൾ പ്രാരംഭഘട്ടത്തിലാണ്. |

Manjith

സെക്ഷൻ ഓഫീസർ